**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 60** **07-10-2024 - ൽ മറുപടിയ്ക്ക്**

**നെസ്സസ്- ടെനബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മന്റ്റ് സോഫ്റ്റ്‌വെയർ വാങ്ങിയതിൽ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിനു അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് മുപ്പത്തിയഞ്ചു ലക്ഷം രൂപയുടെ നെസ്സസ്- ടെനബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെന്റ് സോഫ്റ്റ്‌വെയർ മാർച്ച് 2018-ൽ വാങ്ങിയിരുന്നോയെന്ന് അറിയിക്കുമോ; | (എ) | വാങ്ങിയിരുന്നു. |
| (ബി) | പ്രസ്തുത സോഫ്റ്റ്‌വെയർ ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേട് നടന്നിട്ടുണ്ടെന്നും പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതിനു ഉത്തരവാദികളായ ശ്രീ.ജി. ജയരാജ്, ശ്രീ.പി. വി .ഉണ്ണികൃഷ്ണൻ എന്നിവർ നിലവിൽ സി-ഡിറ്റ് സർവീസിൽ ഇല്ലാത്തതിനാൽ ഒരു ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും 2020ൽ സി-ഡിറ്റിലെ ഒരു ഉദ്യോഗസ്ഥൻ പരാതി നല്കിയിരുന്നോ; | (ബി) | നൽകിയിരുന്നു. |
| (സി) | പ്രസ്തുത പരാതി വിശദമായി പരിശോധിച്ചശേഷം ഐ.ടി. വകുപ്പ സെക്രട്ടറി ഫയലിൽ നല്കിയിരുന്ന ശിപാർശ എന്തായിരുന്നുവെന്ന് അറിയിക്കുമോ; സെക്രട്ടറിയുടെ പ്രസ്തുത നിർദ്ദേശം മുഖ്യമന്ത്രി നിരാകരിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് വാങ്ങുന്നതിനായുള്ള തീ രുമാനം കൈക്കൊണ്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതിനും, ടി ഉദ്യോഗസ്ഥർ സി-ഡിറ്റിന്റെ സേവനത്തിലല്ലെങ്കിൽ പോലും, ഈ വ്യക്തികൾക്കെതിരെ സിവിൽ, ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിനും ശുപാർശ ചെയ്തിരുന്നു.20.01.2018 ലെ GO (Rt) No. 16/2018/ITD ഉത്തരവിൽ ഓപ്പൺ ടെണ്ടർ വഴിയും സ്റ്റോർ പർച്ചേസ് റൂൾസ് പാലിച്ചുമാകണം Testing Tools വാങ്ങേണ്ടതെന്ന് നിഷ്കർഷിച്ചിരുന്നു.ഇതനുസരിച്ചാണ് രജിസ്ട്രാർ Testing Tools വാങ്ങിയിരു ന്നത്. എന്നിരുന്നാലും വിവിധ തരം കക്ഷികൾക്ക് കൺസൾട്ടൻസി ജോലികൾ ചെയ്തുകൊടുക്കുന്ന ഒരു സ്ഥാപനം കൂടിയായ സി-ഡിറ്റ് ഇനി മേൽ ഇത്തരത്തിലുള്ള ആപ്ലിക്കേഷൻസ് വാങ്ങുന്നതിനുമുമ്പ് സർക്കാർ നിയോഗിക്കുന്ന സാങ്കേതിക കമ്മിറ്റികൾ |

| | | | |
|---|---|---|---|
| | | | ആയിരിക്കണം ശിപാർശകൾ സമർപ്പിക്കേണ്ടത് എന്നും ഇതിൽ തീരുമാനം എടുക്കുന്നതിനു മുൻപ് Requirement study, Market analysis എന്നിവ നടത്തിയിരിക്കണം എന്നുമുള്ള നിർദേശം സിഡിറ്റിന് നൽകിയിട്ടുണ്ട്. |
| (ഡി) | ക്രിമിനൽ കേസെടുത്തു അന്വേഷിക്കണം എന്ന വകുപ്പ സെക്രട്ടറിയുടെ നിർദ്ദേശം നിരാകരിച്ചതിനു ശേഷം ശ്രീ. ജി. ജയരാജിനെ സി-ഡിറ്റ് ഡയറക്ടറായും ശ്രീ . പി. വി. ഉണ്ണികൃഷ്ണനെ കെ ഡിസ്ക് മെമ്പർ സെക്രട്ടറിയായും സർക്കാർ നിയമിക്കുകയുണ്ടായോ; വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ